# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള മുൻസിപ്പൽ കോമൺ സർവ്വീസിൽ ഡ്രൈവർമാരായി സേവനമനുഷ്ഠിക്കുന്ന ശ്രീ.ഗോപാലകൃഷ്ണൻ.പി മുതൽപേർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ (ഇ.കെ.എം) നം.673/ 2018 മേലുള്ള 28/ 03/ 2018 ലെ അന്തിമ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 2213/ 2018/ തസ്വഭവ    തീയതി, തിരുവനന്തപുരം : 09/ 08/ 2018

പരാമർശം : 1) 19/ 07/ 2014 തീയതിയിലെ സ.ഉ.(പി) നം.21/ 2014/ ഉ.ഭ.പ.വ

2) ശ്രീ.ഗോപാലകൃഷ്ണൻ.പി 15/ 03/ 2018 തീയതിയായി സമർപ്പിച്ച നിവേദനം. (അനക്ഷർ എം.എ 1)

3) ശ്രീ.ഗോപാലകൃഷ്ണൻ.പി മുതൽപേർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ (ഇ.കെ.എം) നം.673/ 2018 മേലുള്ള 28/ 03/ 2018 ലെ അന്തിമ വിധിന്യായം.

4) നഗരകാര്യ ഡയറക്ടറുടെ 11/ 07/ 2018 തീയതിയിലെ ജി4- 9132/ 18 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10 ശതമാനത്തിലേയ്ക്ക് അതാത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ കേരള മുൻസിപ്പൽ കോമൺ സർവ്വീസിൽ ഡ്രൈവർമാരായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.ഗോപാലകൃഷ്ണൻ.പി മുതൽ 15 പേരുടെ നിയമനം പരിഗണിക്കുന്നതിന് ടി കേസിലെ രണ്ടാം എതിർകക്ഷിയായ നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകണമെന്ന ആവശ്യത്തോടെ, അപേക്ഷകർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിരുന്ന ഒ.എ (ഇ.കെ.എം) നം.673/ 2018 മേലുള്ള പരാമർശം (3) പ്രകാരമുള്ള വിധിന്യായത്തിൽ, ടി വിധിന്യായത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭിച്ച് മൂന്നുമാസത്തിനുള്ളിൽ അപേക്ഷകനെയോ പ്രതിനിധിയെയോ നേരിൽ കേട്ട്, പരാമർശം (2) പ്രകാരമുള്ള അനക്ഷർ എം.എ 1 നിവേദനത്തിന്മേൽ തീരുമാനമെടുക്കുവാൻ ടി കേസിലെ ഒന്നാം എതിർ കക്ഷിയായ സർക്കാരിനോട് ബഹു. കോടതി നിർദ്ദേശിച്ചു.

2) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ മേൽ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, ശ്രീ.ഗോപാലകൃഷ്ണൻ.പി യെ തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ് അണ്ടർ സെക്രട്ടറി 12/ 07/ 2018 തീയതിയിൽ നേരിൽ കേട്ടിരുന്നു.

3) താൻ മുൻസിപ്പൽ കോമൺ സർവ്വീസിലെ ഡ്രൈവർ തസ്തികയിലെ ഉദ്യോഗസ്ഥനാണെന്നും, ഓഫീസ് അറ്റൻഡന്റ്, ലോ പെയ്ഡ് കാറ്റഗറിയിൽപ്പെടുന്ന ജീവനക്കാർക്ക് എൽ.ഡി.ക്ലാർക്ക് / എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം നൽകുന്നതിനുവേണ്ടി തയ്യാറാക്കിയ സീനിയോറിറ്റി ലിസ്റ്റിൽ ഡ്രൈവർമാരെ

ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് ഡ്രൈവർമാരെ ഉൾപ്പെടുത്തുന്നതിന് സർക്കാരിൽ നിന്നും സ്പഷ്ടീകരണം ലഭിച്ചിട്ടില്ലായെന്നാണ് മറുപടി ലഭിച്ചതെന്നും, ഡ്രൈവർമാർ ക്ലാർക്കുമാരെക്കാൾ കൂടുതൽ ശമ്പളം പറ്റുന്നവരായതിനാൽ അവരെ ഉൾപ്പെടുത്തുവാൻ കഴിയില്ലെന്നും നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും അറിയാൻ കഴിഞ്ഞുവെന്നും, എന്നാൽ തദ്ദേശ സ്വയംഭരണ (ഇ.ആർ.ബി) വകുപ്പിന്റെ 26/12/2012 തീയതിയിലെ ഇ.ആർ.ബി2/89/2014/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി അണ്ടർ സെക്രട്ടറി ശ്രീജ.പി.എസ്, ഗ്രാമവികസന കമ്മീഷണർക്കു നൽകിയ നിർദ്ദേശത്തിൽ ഡ്രൈവർ ഗ്രേഡ്-II, ഡ്രൈവർ ഗ്രേഡ്-I, സീനിയർ ഗ്രേഡ് ഡ്രൈവർ എന്നിവരെ തസ്തികമാറ്റ നിയമനത്തിന് പരിഗണിക്കാമെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതായും, എല്ലാ വിഭാഗം ഡ്രൈവർമാരെയും പരിഗണിക്കാവുന്നതാണെന്ന് 29/05/2018 തീയതിയിലെ ഇയു3/115/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഉത്തരവായിട്ടുള്ളതാണെന്നും, 29/05/2018 ന് ഇതിനുമുമ്പ് പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റിൽ നിന്നും 29 പേർക്ക് നിയമനം നൽകിയിട്ടുള്ളതാണെന്നും, പ്രസ്തുത ലിസ്റ്റിൽ ആക്ഷേപം ഉള്ളതായി താൻ പെരിന്തൽമണ്ണ നഗരസഭാ സെക്രട്ടറി മുഖേന നഗരകാര്യ ഡയറക്ടറെ ബോധിപ്പിച്ചിട്ടുള്ളതാണെന്നും, എന്നാൽ തന്റെ ആക്ഷേപം പരിഗണിക്കാതെ ടി ലിസ്റ്റിൽ നിന്നും 29 പേർക്ക് നിയമനം നൽകുകയുണ്ടായെന്നും, 20/09/2001 ന് സർവ്വീസിൽ വന്ന തനിക്ക് കേവലം 10 നമ്പറിനു മുമ്പ് നിയമനം ലഭിക്കേണ്ടതാണെന്നും, ആയതിനാൽ നിലവിലെ എല്ലാ വിഭാഗം ഡ്രൈവർമാരെയും ഉൾപ്പെടുത്തി പുതിയ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് തനിക്ക് നിയമനം നൽകണമെന്നും, യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ ഡ്രൈവർമാരിലെ എല്ലാ വിഭാഗത്തെയും ഉൾപ്പെടുത്തണമെന്നും ഹിയറിംഗ് സമയത്ത് ശ്രീ.ഗോപാലകൃഷ്ണൻ.പി ബോധിപ്പിച്ചിരുന്നു.

4) കേരള മുൻസിപ്പൽ കോമൺ സർവ്വീസിൽ എൽ.ഡി.ക്ലാർക്ക് / എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിലേയ്ക്ക് മുൻസിപ്പൽ കോമൺ സർവ്വീസിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, മറ്റ് താഴ്ന്നവിഭാഗം ജീവനക്കാർ എന്നിവരെ ഉൾക്കൊള്ളിച്ച് നഗരകാര്യ ഡയറക്ടറുടെ 21/08/2018 ലെ ഇ 7/13122/2017 നമ്പർ ഉത്തരവ് പ്രകാരം സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ എൽ.ഡി ക്ലാർക്ക് / എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളുടെ ശമ്പള സ്കെയിലിനെക്കാൾ താഴ്ന്ന ശമ്പള സ്കെയിലിലുള്ള ഡ്രൈവർ ഗ്രേഡ്-II (ശമ്പള സ്കെയിൽ 18,000 - 41,500/-) തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരെയും ഉൾക്കൊള്ളിക്കുന്നതിന് പരിഗണിച്ചിരുന്നുവെന്നും, എന്നാൽ ടി സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ 17/06/2010 വരെ നിയമന ശിപാർശ ലഭിച്ച ജീവനക്കാരെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും, ടി തീയതിക്കു മുമ്പ് ഡ്രൈവർ ഗ്രേഡ്-II തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ജീവനക്കാർക്ക് എൽ.ഡി.ക്ലാർക്ക് / എൽ.ഡി.ടൈപ്പിസ്റ്റ്തസ്തികയുടെ ശമ്പള സ്കെയിലിനെക്കാൾ ഉയർന്ന ശമ്പള സ്കെയിലിലുള്ള ഡ്രൈവർ ഗ്രേഡ്-I, ഡ്രൈവർ സീനിയർ ഗ്രേഡ്, ഡ്രൈവർ സെലക്ഷൻ ഗ്രേഡ് എന്നീ തസ്തികകളിലേയ്ക്ക് റേഷ്യോ പ്രൊമോഷൻ ലഭിച്ചതിനാലാണ് ടി ജീവനക്കാരെ സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്താതിരുന്നതെന്നും, എൽ.ഡി ക്ലാർക്ക് / എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിലേയ്ക്ക് ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും താഴ്ന്ന വിഭാഗം ജീവനക്കാർക്കും (എൽ.ഡി.ക്ലാർക്ക് / എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളുടെ ശമ്പള സ്കെയിനേക്കാൾ താഴ്ന്ന ശമ്പള സ്കെയിലിലുള്ളവർ) യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം അനുവദിക്കുന്നതിനായി തയ്യാറാക്കുന്ന സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ ഡ്രൈവർ ഗ്രേഡ്-I, ഡ്രൈവർ സീനിയർ ഗ്രേഡ്, ഡ്രൈവർ സെലക്ഷൻ ഗ്രേഡ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരെ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് സ്പഷ്ടീകരണം ലഭ്യമാക്കുന്നതിനായി സർക്കാരിനെ സമീപിച്ചപ്പോൾ, ജീവനക്കാരുടെ നിലവിലെ ശമ്പള സ്കെയിലുകൾ കണക്കിലെടുക്കേണ്ടതില്ലായെന്നും അതാത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട ഡ്രൈവർ ഉൾപ്പെടെയുള്ള താഴ്ന്ന വിഭാഗം ജീവനക്കാർക്കും (എൽ.ഡി ക്ലാർക്ക് / എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളുടെ ശമ്പള

സ്കെയിലിനെക്കാൾ താഴ്ന്ന വിഭാഗം സ്കെയിലിലുള്ളവർക്ക് ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ നിബന്ധനപ്രകാരം അതാത് എൻട്രി കേഡറിലെ സീനിയോറിറ്റിയുടെയും ജീവനക്കാരുടെ യോഗ്യതയുടെയും അടിസ്ഥാനത്തിൽ) തസ്തികമാറ്റം അനുവദിക്കാവുന്നതാണെന്ന് സ്പഷ്ടീകരണം ലഭ്യമാക്കിയിട്ടുണ്ടെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ ഡ്രൈവർ തസ്തികയിൽ എല്ലാ ശമ്പള സ്കെയിലുകളിലും ഉൾപ്പെട്ട ജീവനക്കാരെ യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാത്തിൽ സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി തസ്തികമാറ്റം അനുവദിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണെന്ന് പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

5) പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ജീവനക്കാരുടെ നിലവിലെ ശമ്പള സ്കെയിലുകൾ കണക്കിലെടുക്കേണ്ടതില്ലായെന്നും അതാത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട ഡ്രൈവർ ഉൾപ്പെടെയുള്ള , താഴ്ന്ന വിഭാഗം ജീവനക്കാർക്കും (എൽ.ഡി ക്ലാർക്ക് / എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളുടെ ശമ്പള സ്കെയിലിനെക്കാൾ താഴ്ന്ന വിഭാഗം സ്കെയിലിലുള്ളവർക്ക് ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ നിബന്ധനപ്രകാരം അതാത് എൻട്രി കേഡറിലെ സീനിയോറിറ്റിയുടെയും ജീവനക്കാരുടെ യോഗ്യതയുടെയും അടിസ്ഥാനത്തിൽ) തസ്തികമാറ്റം അനുവദിക്കാവുന്നതാണെന്ന 29/05/2018 തീയതിയിലെ ഇയു3/115/2018/തസ്വഭവ നമ്പർ സർക്കാർ കത്തു മുഖേന ലഭ്യമാക്കിയ സ്പഷ്ടീകരണത്തിന്റെ വെളിച്ചത്തിൽ, ശ്രീ.ഗോപാലകൃഷ്ണൻ.പി 15/03/2018 തീയതിയായി സമർപ്പിച്ച നിവേദനത്തിലെ (അനക്ഷർ എം.എ 1) ആവശ്യത്തിന്മേൽ അടിയന്തരമായി നടപടി സ്വീകരിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നു.

6) പരാമർശം (3) ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം മേൽപ്പറഞ്ഞ പ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ.ഗോപാലകൃഷ്ണൻ.പി, ഡ്രൈവർ ഗ്രേഡ്-I, പെരിന്തൽമണ്ണ നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, പെരിന്തൽമണ്ണ നഗരസഭ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ